**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **13-09-2023 - ൽ മറുപടിയ്ക്ക്**

**കില ഡയറക്ടർ ജനറലിന്റെ സേവന കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കിലയുടെ ഡയറക്ടർ ജനറലിന്റെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദീകരിക്കുമോ; | (എ) | ഉണ്ട്. നിലവിലെ ഡയറക്ടർ ജനറലിന്റെ കാലാവധി 18.05.2023 തീയതിയിൽ അവസാനിക്കുന്നതിനാൽ പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറലിന് 19.05.2023 പൂർവ്വാഹ്നം മുതൽ കില ഡയറക്ടർ ജനറലിന്റെ ചുമതല നൽകി കാലാവധി ദീർഘിപ്പിച്ചു നൽകികൊണ്ട്. സ.ഉ(സാധാ)നം.1045/2023/ തസ്വഭവ തീയതി. 15.05.2023 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | വിരമിക്കൽ പ്രായം പൂർത്തീകരിച്ച ഡയറക്ടർ ജനറലിന്റെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകിയത് കിലയുടെ നിയമാവലിക്ക് അനുസൃതമാണോ; എങ്കിൽ ആയത് വിശദമാക്കുമോ; | (ബി) | പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറലിന് ചുമതല നൽകുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | നിലവിലുള്ള ഡയറക്ടർ ജനറലിനെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ